**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3081 — 18-06-2019 -ൽ മറുപടിക്ക്

## മഴക്കാലദുരന്ത പ്രതിരോധ മാർഗ്ഗരേഖ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. വി.ഡി.സതീശൻ**<br>**ശ്രീ. റോജി എം. ജോൺ**<br>**ശ്രീ. അൻവർ സാദത്ത്** | | **ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രളയകാലത്തെ ദുരന്തനിവാരണ പ്രവർത്തനങ്ങളിലെ പോരായ്മകൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | എ) | ഉണ്ട്. ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ പുരോഗതി ഉണ്ടാകുന്നത് മുൻ അനുഭവങ്ങളിൽ നിന്നും കൃത്യമായ പാഠം ഉൾകൊണ്ടുകൊണ്ട്, തിരുത്തൽ നടപടികൾ ഉൾപ്പെടുത്തി പുതിയ നടപടിക്രമങ്ങൾ രൂപപ്പെടുത്തി മുന്നോട്ട് പോകുന്നതിലൂടെയാണ്, ഓഖി, 2016-17 ലെ വരൾച്ച, പ്രളയം എന്നിവയിൽ നിന്നുള്ള പാഠങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി വിലയിരുത്തുകയും നടപടി ക്രമങ്ങൾ പുനരാവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. മുൻകാലങ്ങളിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ സമയ ബന്ധിതമായും കാര്യക്ഷമമായും പ്രളയ രക്ഷാപ്രവർത്തനങ്ങളും ദുരന്ത നിവാരണ പ്രവർത്തനങ്ങളും വിവിധ വകുപ്പുകളുടെയും സന്നദ്ധസംഘടന കളുടെയും മറ്റും കൂട്ടായ യത്നത്തിൽ ഫലപ്രദമായി നടപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ദുരന്തനിവാരണ അതോറിറ്റി മഴക്കാല ദുരന്തപ്രതിരോധ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; | ബി) | ഉണ്ട് |
| സി) | പ്രസ്തുത മാർഗ്ഗരേഖയിലെ പ്രധാന നിബന്ധനകൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | സി) | സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ തയ്യാറാക്കി. ഈ മാർഗ രേഖയും, സംസ്ഥാനത്ത് Incident Response System വും താലൂക്ക് തലം വരെ GO (Rt) No. 280/2019/DMD dated 9-5-2019 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. മേൽ രേഖയിൽ ദുരന്ത സാഹചര്യം വിലയിരുത്തുവാനും, 30 വകുപ്പുകളും കേന്ദ്ര സേനകളും ദുരന്ത സാഹചര്യങ്ങൾ എങ്ങിനെ നേരിടണം എന്നും നിർദേശം നല്കിയിട്ടുണ്ട്. 8 അദ്ധ്യായങ്ങളുള്ള കൈപുസ്തകം മുൻ അനുഭവങ്ങളുടെയും പഠനങ്ങളുടെയും വെളിച്ചത്തിൽ തയ്യാറാക്കപ്പെട്ട മാർഗ്ഗ നിർദേശ രൂപരേഖ യാണ്. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെയും മറ്റ് സ്വകാര്യ കാലാവസ്ഥ സംരംഭങ്ങ ളുടേയും 2019 ലെ മൺസൂൺ പ്രവചനത്തിന്റെ വിശകലനത്തോടെ ആരംഭിക്കുന്ന കൈപ്പുസ്തകം, വിവിധ കാലാവസ്ഥ മുന്നറിയിപ്പുകളും അവ മനസ്സിലാക്കേണ്ട രീതികളും കൈക്കൊ ള്ളേണ്ട നടപടികളും വിശദീകരിക്കുന്നു. അംഗീകൃത ദുരന്തങ്ങളേയും മഴക്കാലത്ത് സംസ്ഥാനത്ത് സാധ്യതയുള്ള ദുരന്ത ങ്ങളെയും പരിചയപ്പെടുത്തുന്ന കൈപ്പുസ്തകം സംസ്ഥാന അടിയന്തര ഘട്ട കാര്യനിർവഹണ കേന്ദ്രം, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഡിഇഒസികൾ, കേന്ദ്ര ഏജൻസികൾ, രക്ഷാ സേനകൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവർ |

| | | | |
|---|---|---|---|
| | | | ദുരന്തങ്ങൾക്ക് മുന്നേയും ദുരന്ത സമയത്തും സ്വീകരിക്കേണ്ട നടപടികൾ കൃത്യമായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. പ്രസ്തുത മാർഗ്ഗരേഖ seoc.gok@gmail.com എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.<br>പ്രസ്തുത മാർഗ്ഗനിർദ്ദേശമനുസരിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി യോഗം ചേർന്നിട്ടുള്ളതും മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി നിർദ്ദേശം അതാത് വകുപ്പുകൾക്ക് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ